സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 5129/24/Est-I നന്തൻകോട്, 29/05/2024

---

പരാമർശം :– ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 27–04–2024 ലെ DA 3404/24/E-3 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡിലെ പല ഉദ്യോഗസ്ഥരും ജീവനക്കാരും പുതിയ യോഗ്യത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ സർവ്വീസ് ബുക്കിന്റെ കസ്റ്റോഡിയന്മാരായ ഉദ്യോഗസ്ഥന്മാർ യാതൊരു പരിശോധനയോ കൺഫർമേഷനോ കൂടാതെ സർട്ടിഫിക്കറ്റുകൾ സർവ്വീസ് ബുക്കിൽ ഉൾപ്പെടുത്തി നൽകുന്ന പ്രവണതകൾ കണ്ടുവരുന്നുവെന്നും സർവ്വീസിൽ പ്രവേശിച്ചതിനുശേഷം നേടുന്ന ബിരുദ സർട്ടിഫിക്കറ്റുകളുടെ അംഗീകാരവും യാഥാർത്ഥ്യവും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കൃത്യമായ ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നുവെന്നും വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശ റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- സർവ്വീസിൽ പ്രവേശിച്ചതിനുശേഷം വിദ്യാഭ്യാസ കോഴ്സുകൾക്ക് ചേരുന്നതിന് ഡിപ്പാർട്ട്മെന്റിന്റെ NOC വാങ്ങേണ്ടതാണ്.
- സർവ്വീസിൽ പ്രവേശിച്ചതിനുശേഷം ആർജ്ജിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഉദ്യോഗസ്ഥൻ/ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് മുമ്പായി ബന്ധപ്പെട്ട സർവ്വകലാശാല/സ്ഥാപനം എന്നിവയിൽ നിന്നും രേഖാമൂലമുള്ള കൺഫർമേഷൻ വാങ്ങേണ്ടതാണ്. ആയതിന്റെ ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(മറുപുറം)

- കേരള സർക്കാർ/പബ്ലിക് സർവ്വീസ് കമ്മീഷൻ/യു.ജി.സി. എന്നിവ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാല/സ്ഥാപനങ്ങളിൽ നിന്നുള്ള ബിരുദം അടക്കമുള്ള വിദ്യാഭ്യാസ യോഗ്യതകൾ മാത്രമേ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനായി ഹാജരാക്കാൻ പാടുള്ളൂ.
- സർവ്വീസ് ബുക്ക് ആരംഭിക്കുന്ന വേളയിൽ തന്നെ ജോലിയിൽ പ്രവേശിക്കുന്ന തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടേയും മറ്റ് യോഗ്യതകളുടേയും സർട്ടിഫിക്കറ്റുകളുടെ അസ്സൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

J.T. Division

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK